## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം.

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം : *501 — 02-07-2013-ൽ മറുപടിക്ക്

### വൈദ്യുതി ചാർജ്ജ് പരിഷ്കരണവുമായി ബന്ധപ്പെട്ട് താരിഫ് പെറ്റീഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ .എ.കെ.ബാലൻ<br>,, കെ. വി. അബ്ദുൾ ഖാദർ<br>,, എ. പ്രദീപ്കുമാർ<br>,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | ശ്രീ. ആര്യാടൻ മുഹമ്മദ്.<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി |
| (എ) വൈദ്യുതി ചാർജ്ജ് പരിഷ്കരണവുമായി ബന്ധപ്പെട്ട് സംസ്ഥാന വൈദ്യുത ബോർഡ്, വൈദ്യുതി റഗു- – ലേറ്ററികമ്മീഷന് താരീഫ് പെറ്റീഷൻ നൽകിയിട്ടുണ്ടോ ; | (എ) നിലവിൽ സംസ്ഥാന വൈദ്യുതി ബോർഡ്, സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ മുമ്പാകെ താരിഫ് പരിഷ്കരണം സംബന്ധിച്ച് പെറ്റീഷൻ സമർപ്പിച്ചിട്ടില്ല. എന്നാൽ 2013 ജനുവരി രണ്ടാം തീയതി സമർപ്പിച്ച എ.ആർ.ആർ& ഇ.ആർ.സി പെറ്റീഷനോടൊപ്പം (ARR & ERC) 2013-14 വർഷത്തേക്കുള്ള താരിഫ് പരിഷ്കരണ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ടായിരുന്നു. ടി പെറ്റീഷനിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ 30.04.2013 ലെ ഉത്തരവിലൂടെ 2013 മെയ് ഒന്നാം തീയതി മുതൽ താരിഫ് വർദ്ധനവ് നടപ്പിലാക്കാൻ ഉത്തരവിറക്കിയിട്ടുണ്ട്. |
| (ബി) പ്രസ്തുത താരിഫ് പെറ്റീഷൻ അനുസരിച്ച് എത്ര അധിക ബാദ്ധ്യതയാണ് ഗാർഹിക ഉപഭോക്താക്കൾ വഹിക്കേണ്ടി വരുന്നത് ; | (ബി) സംസ്ഥാന വൈദ്യുതി ബോർഡ്, 2013 ജനുവരി 2 - ാം തീയതിയിലെ താരിഫ് പരിഷ്കരണ നിർദ്ദേശത്തിലൂടെ ഏകദേശം ഒരു വർഷം 736.81 കോടി രൂപയുടെ അധിക ബാദ്ധ്യതയാണ് ഗാർഹിക ഉപഭോക്താക്കൾക്ക് നിർദ്ദേശിച്ചിരുന്നത്. |

എന്നാൽ ബഹുമാനപ്പെട്ട സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ 2013 ഏപ്രിൽ 30 - ാം തീയതി പുറപ്പെടുവിച്ച താരിഫ് പരിഷ്കരണ നിർദ്ദേശത്തിലൂടെ പ്രതിവർഷം 263.14 കോടി രൂപയുടെ അധിക ബാദ്ധ്യത മാത്രമാണ് അംഗീകരിച്ചിരിക്കുന്നത്

(സി) ഗാർഹികമേഖലയിൽ വൈദ്യുതി കുറച്ച് ഉപയോഗിക്കുന്നവർക്ക് സർക്കാർ സബ്സിഡി നൽകി നിരക്ക് വർദ്ധന ഒഴിവാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇതിന് വേണ്ടി എന്തു തുകയാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത്.;

സി) സംസ്ഥാന സർക്കാർ 2013 മെയ് 25 -ാം തീയതിയിലെ ഉത്തരവിലൂടെ പ്രതിമാസം 120 യൂണിറ്റ് വരെ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളെ കമ്മീഷൻ 2012 ജൂലൈ ഒന്നാം തീയതി മുതൽ നടപ്പിലാക്കിയ താരിഫ് വർദ്ധനവിൽ നിന്നും തുടർന്നും ഒഴിവാക്കണമെന്നും, ടി ഉപഭോക്താക്കളെ 2013 മെയ് ഒന്നാം തീയതി മുതൽ പ്രാബല്യത്തിൽ വന്ന താരിഫ് വർദ്ധനവിൽ നിന്നും മൂന്നു മാസത്തേയ്ക്ക് ഒഴിവാക്കാണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ടി നടപടി വഴി സംസ്ഥാന വൈദ്യുതി ബോർഡിനുണ്ടാകുന്ന വരുമാന കമ്മി നികത്തുന്നതിനായി, 2012 ജൂലൈ 1 മുതൽ നടപ്പാക്കിയ താരിഫ് വർദ്ധനവിൽ നിന്ന് ഒഴിവാക്കുന്നതിനായി വേണ്ടി വരുന്ന പ്രതിമാസ സബ്സിഡി തുകയായ 25 കോടി രൂപയും, 2013 മെയ് ഒന്നാം തീയതി മുതൽ നടപ്പാക്കിയ താരിഫ് വർദ്ധനവിൽ നിന്നൊഴിവാക്കുന്നതിനായി വേണ്ടി വരുന്ന പ്രതിമാസ സബ്സിഡി തുകയായ 10.08 കോടി രൂപയും അഡ്വാൻസ് സബ്സിഡിയായി നൽകുമെന്ന് ഗവൺമെന്റ് 28.05.2013 ലെ ഉത്തരവിലൂടെ ഉത്തരവിറക്കിയിട്ടുണ്ട്.

(ഡി) ഇതിലേക്കായി സംസ്ഥാന ബജറ്റിൽ തുക വകയിരുത്തി യിട്ടുണ്ടോ ;

(ഡി) ഇതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചു വരുന്നു.

| | |
|---|---|
| (ഇ) വ്യാവസായിക ഉപഭോക്താക്കൾക്ക് യൂണിറ്റിന് എത്ര നിരക്ക് വർദ്ധന യാണ് നിർദ്ദേശിച്ചിട്ടുള്ളത്; ഇത് സംസ്ഥാനത്തെ വ്യാവസായിക മേഖ — ലയിൽ എത്ര ബാദ്ധ്യത സൃഷ്ടി- ക്കുമെന്നാണ് കണക്കാക്കിയിട്ടു ള്ളത് ; | (ഇ) സംസ്ഥാന വൈദ്യുതി ബോർഡ്, 2013 ജനുവരി 2 - ാ തീയതി സമർപ്പിച്ച താരിഫ് പരിഷ്കരണ നിർദ്ദേശത്തിൽ ഇ.എച്ച്.റ്റി വ്യാവസായിക ഉപഭോക്താക്കൾക്ക് എനർജി ചാർജ്ജിൽ 75 പൈസയും ഡിമാന്റ് ചാർജ്ജിൽ 60 രൂപ/കെ.വി.എ/മാസം ഉം വർദ്ധനവ് നിർദ്ദേശിച്ചിരുന്നു. എന്നാൽ സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ 66 കെ.വി ഇ.എച്ച്.റ്റി ഉപഭോക്താക്കൾക്ക് 40 പൈസയും, 110 കെ.വി ഇ.എച്ച്.റ്റി ഉപഭോക്താക്കൾക്ക് 30 പൈസയും, 220 കെ.വി ഇ.എച്ച്.റ്റി ഉപഭോക്താക്കൾക്ക് 35 പൈസയുമാണ് വർദ്ധനവായി അംഗീകരിച്ചത്. ഡിമാന്റ് ചാർജ്ജ് വർദ്ധനവ് ഏർപ്പെടുത്തിയിട്ടില്ല. അതുപോലെ എച്ച്.റ്റി ഉപഭോക്താക്കൾക്ക് സംസ്ഥാന വൈദ്യുതി ബോർഡ് എനർജി ചാർജ്ജിൽ 75 പൈസയുടെ വർദ്ധനവും ഡിമാന്റ് ചാർജ്ജിൽ പ്രതിമാസം 60/കെ.വി.എയുടെ വർദ്ധനവും നിർദ്ദേശിച്ചിരുന്നു. എന്നാൽ ബഹുമാനപ്പെട്ട കമ്മീഷൻ എച്ച്.റ്റി വ്യാവസായിക ഉപഭോക്താക്കളുടെ എനർജി ചാർജ്ജിൽ 50 പൈസ വർദ്ധനവാണ് അംഗീകരിച്ചിട്ടുള്ളത്. പ്രസ്തുത ഉപഭോക്താക്കളുടെ ഡിമാന്റ് ചാർജ്ജിൽ കമ്മീഷൻ വർദ്ധനവ് ഏർപ്പെടുത്തിയിട്ടില്ല. ടി നടപടി വഴി സംസ്ഥാനത്തിലെ വ്യാവസായിക സ്ഥാപനങ്ങൾക്കുണ്ടാകുന്ന അധിക ബാദ്ധ്യത കണക്കാക്കുന്നതിനുള്ള വിവരങ്ങൾ ലഭ്യമല്ല. |

| | | | |
|---|---|---|---|
| (എഫ്) | വൈദ്യുതി നിരക്ക് വർദ്ധന ഒഴിവാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ? | (എഫ്) | വൈദ്യുതി ആക്റ്റ്, 2003 ലെ വ്യവസ്ഥകൾ പ്രകാരം, സംസ്ഥാനത്തെ താരിഫ് നിർണ്ണയിക്കുന്നതിനുള്ള പരിപൂർണ്ണ അധികാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. എന്നാൽ വൈദ്യുതി ബോർഡിന്റെ ചെലവുകൾ കുറയ്ക്കുന്നതിനും അതുവഴി വരുമാന കമ്മി കുറയ്ക്കുന്നതിനും ഉപഭോക്താക്കളിൽ നിന്നും വൈദ്യുതി ചാർജ്ജ് പിരിച്ചെടുക്കുന്നതിനും ടി നടപടികൾ വഴി താരിഫ് വർദ്ധനവ് പരമാവധി ലഘൂകരിക്കുന്നതിനുമായി ബോർഡ് താഴെ പറയുന്ന വിവിധ നടപടികൾ എടുത്തിട്ടുണ്ട്.<br><br>(1) വൈദ്യുതി ബോർഡിന്റെ ചെലവിന്റെ എഴുപതു ശതമാനവും വൈദ്യുതി വാങ്ങുന്നതിനാണ് ചെലവാക്കുന്നത്. വൈദ്യുതി ബോർഡ് അടുത്ത വർഷത്തേയ്ക്ക് പരമാവധി വൈദ്യുതി കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുവാൻ നടപടികൾ എടുത്തിട്ടുണ്ട്. 2013-14 വർഷത്തേയ്ക്ക് 200 മെഗാവാട്ട് വൈദ്യുതി 2013 ജൂൺ മുതൽ 2014 മെയ് വരെ ലഭ്യമാക്കുന്നതിന് വ്യാപാരികളുമായി കരാറിലേർ—പ്പെടുകയും ഇതിന് ഓപ്പൺ അക്സസ് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. 200 മെഗാവാട്ട് വൈദ്യുതി ഗ്രിഡ്കോയിൽ നിന്നും 2013 ജൂലൈ മുതൽ 2014 നവംബർ വരെ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 600 മെഗാവാട്ട് വൈദ്യുതി 2013 നവംബർ |

മുതൽ 2014 ഒക്ടോബർ വരെ ലഭ്യമാക്കുന്നതിനായി വ്യാപാരികളുമായി കരാറി ലേർപ്പെട്ടിട്ടുണ്ട്. 400 മെഗാവാട്ട് വൈദ്യുതി 2013 മാർച്ച് മുതൽ മൂന്ന് വർഷത്തേയ്ക്ക് കേസ്-1 ബിഡ് വഴി ലഭ്യമാക്കുന്നതിന് നടപടികളെ ടുത്തിട്ടുണ്ട്. 160 മെഗാവാട്ട് വൈദ്യുതി പി.റ്റി.സി വഴി 2015 മുതൽ ദീർഘ കാലാടിസ്ഥാനത്തിൽ വാങ്ങുന്നതിന് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. 500 മെഗാ വാട്ട് വൈദ്യുതി ദീർഘകാല അടി സ്ഥാനത്തിൽ കേസ്-1 ബിഡ് വഴി വാങ്ങുന്നതിനുള്ള നടപടികളെടുത്ത് വരുന്നു.

(2) ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേ-വനം നൽകുന്നതിനും, ജീവനക്കാരെ ആവശ്യാനുസരണം പുനർവിന്യസിക്കുന്നതിനും അതു വഴി ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി നടപടി കളെടുത്തിട്ടുണ്ട്.

ടി നടപടികൾ വഴി, വരും വർഷങ്ങളിൽ താരിഫ് വർദ്ധനവിന്റെ തോത് കുറയ്ക്കാൻ കഴിയുമെന്ന് പ്രത്യാശിക്കുന്നു.

സെക്ഷൻ ഓഫീസർ.